ശ്രീ.ആർ. ശങ്കർ: അതിന്റെ ശരിയായ എണ്ണം പറയുവാനൊക്കുകയില്ല. ചില കേസുകൾ മേൽ നടപടിക്കായി ഡിപ്പാർട്ടുമെൻറിനയച്ചിട്ടുണ്ട്.

ശ്രീ. എം.നാരായണക്കുറുപ്പ്: ഈ നിയമം എന്നുമുതലാണ നടപ്പിൽവരുന്നത്? ഈ കൊല്ലം ഫെബ്രുവരിയിൽ വിദ്യാർത്ഥികളെ ചേർക്കുന്നതിന് 30 കുട്ടികളോട് കൈക്കൂലിയോ പണമോ ആവശ്യപ്പെട്ടതായി കുട്ടികളുടെ രക്ഷിതാക്കന്മാർ ആവലാതിപ്പെട്ടിട്ടുണ്ട്, ഞാൻ തന്നെ സ്ഥലത്തുപോയി അന്വേഷിച്ച് കാര്യം ശരിയാണെന്നു കണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നു. അതിൽ എന്തെങ്കിലും അന്വേഷണം നടത്തിക്കഴിഞ്ഞുവോ?

ശ്രീ. ആർ. ശങ്കർ: അതു് ഇപ്പോൾ ഓർമ്മയിൽ നിന്നും പറയുവാനൊക്കുകയുള്ള. ആ ആക്ഷേപത്തിൽ കാര്യമായ ശ്രദ്ധ പതിപ്പിച്ച് ഡിപ്പാർട്ടുമെൻറിന്റെ റിപ്പോർട്ടിനയച്ചിട്ടുണ്ടെന്നോണം് എനിക്ക് ഓർമ്മ. കൂടുതൽ എന്തെങ്കിലും അറിയണമെങ്കിൽ പ്രത്യേകം ചോദ്യം ചോദിക്കണം.

മേജർ പാലങ്ങൾ

*952. [15] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: താഴെകാണുന്നചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963 ഡിസംബർ 31-ാം തീയതിക്ക് സ്റ്റേറ്റിൽ പ്രവൃത്തി പൂർത്തിയാക്കിയ മേജർ പാലങ്ങൾ എത്രയുണ്ട്; ഏതൊക്കെ;

(ബി) കൺട്രാക്ടന്മാരുടെ സംഖ്യ മുഴുവൻ കൊടുത്തുകഴിഞ്ഞുവോ;

(സി) എല്ലാ പാലങ്ങളുടേയും അപ്രോച്ച് റോഡ് പ്രവൃത്തി പൂർത്തിയായോ;

(ഡി) കാര്യക്കോട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്ക് ആരാണ കരാറെടുത്തത്;

(ഈ) പ്രവൃത്തിയെപ്പറ്റിയും കരാറുകാരനെപ്പറ്റിയും എക്സിക്യൂട്ടിവ് എഞ്ചിനീയർ വല്ല റിപ്പോർട്ടും അയച്ചിട്ടുണ്ടോ;

(എഫ്) ആ കൺട്രാക്ടറെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തുമെന്ന് നോട്ടീസു കൊടുത്തുവോ;

(ജി) എങ്കിൽ കാരണമെന്താണ്;

(എച്ച്) പ്രസ്തുത കരാറുകാരൻ വീണ്ടും കരാറു ജോലി ചെയ്തുവരുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ,ബി,സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രീ. എം. വി. കൃഷ്ണൻ,

(ഈ) ഇല്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഈ കൺട്രാക്ടറെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയിട്ടില്ലാത്തതുകൊണ്ട് ജോലികൾ ഏറ്റെടുത്തു നടത്തുന്നതിൽ നിന്നും തടഞ്ഞിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ: മേജർ പാലങ്ങൾ എന്നുപറയുന്നതു് എത്ര സംഖ്യയ്ക്കു മേൽ ചെലവു വരുന്ന പാലങ്ങളാണ്?

ശ്രീ. പി. പി. ഉമ്മർകോയ: ഒരു ലക്ഷത്തിനുമേൽ ചെലവു വരുന്ന പാലങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ: സാധാരണഗതിയിൽ കൺട്രാക്ട് കൊടുത്തുകഴിഞ്ഞാൽ ഇത്ര കാലത്തിനുള്ളിലെങ്കിലും ആ പ്രവൃത്തി തീർക്കണമെന്നു് നിർദ്ദേശം കൊടുക്കാറുണ്ടോ; അങ്ങനെ നിർദ്ദേശം കൊടുത്തിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത കേസുകളുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: എഗ്രിമെന്റിൽ തന്നെ പ്രവൃത്തി തീർക്കേണ്ട സമയം നിശ്ചയിച്ചിരിക്കും. അതേയവസരത്തിൽ ചിലപ്പോൾ ആ സമയത്തു് പ്രവൃത്തി പൂർത്തിയാക്കാൻ പ്രായോഗികമായ വിഷമമുണ്ടാകും. സ്ഥലം വിട്ടുകൊടുക്കുന്നതിനു താമസം നേരിടാം. അങ്ങനെ നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാകാത്ത ചില വർക്കുകൾ കാണും.

ശ്രീ. ഈ. പി. ഗോപാലൻ: പാലക്കാട്ട ഡിസ്ട്രിക്റ്റിൽ പാലൂർ പാലം അപകടാവസ്ഥയിലാണിരിക്കുന്നതു്. കൺട്രാക്ടർ വേല ചെയ്യാഞ്ഞിട്ടാണു് അങ്ങനെ കിടക്കുന്നതെന്നു സംസാരമുണ്ടു്. ഇതൊന്നു പരിശോധിച്ചു ഡിപ്പാർട്ടുമെന്റിന്റെ കുറ്റമാണോ കൺട്രാക്ടറുടെ കുറ്റമാണോ എന്നു കണ്ടുപിടിച്ചു് ഇതിന്റെ പണി ഒന്നു ശരിപ്പെടുത്തണം. ഈയിടെ ഒരു സ്ലൂംകൂടി വീഴുകയും ചെയ്തിട്ടുണ്ടു്. ഒന്നുകിൽ ആ പാലം പൊളിച്ചു് അവിടെ വേലി കെട്ടണം. അല്ലെങ്കിൽ അതു പൂർത്തിയാക്കുന്നതിനുള്ള നടപടിയെടുക്കണം.

ശ്രീ. പി. പി. ഉമ്മർകോയ: ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം എന്റെ ശ്രദ്ധയിൽപെടുത്തിയ ഉടനെതന്നെ അതിനെപ്പറ്റി അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. എന്തുകൊണ്ടാണു് പ്രവർത്തനത്തിൽ താമസം വന്നിട്ടുള്ളതെന്നന്വേഷിച്ചു് വേണ്ട നടപടികളും എടുക്കുന്നതാണു്.

കാർഷിക ഗവേഷണ കേന്ദ്രങ്ങളും സീഡ് ഫാംസും

* 953. [16] ശ്രീ. പി. കെ. നാരായണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ട ജില്ലയിൽ എത്ര കാർഷിക ഗവേഷണ കേന്ദ്രങ്ങളും സീഡ് ഫാംസും ഉണ്ടു്;

(ബി) ഇവയെല്ലാം ശരിക്കു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞോ;

(സി) ഇല്ലെങ്കിൽ എന്താണു കാരണം?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) 3 കാർഷിക ഗവേഷണകേന്ദ്രങ്ങളും, 3 സീഡു് ഫാംസും ഉണ്ടു്.

(ബി) ശരിക്കു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. നാരായണൻനമ്പ്യാർ: കോഴിക്കോട്ട ജില്ലയിൽ പേരാംപ്രയിൽ 30 ഏക്കർ സ്ഥലം സീഡു് ഫാമിനു വേണ്ടി അക്വയർ ചെയ്തിട്ടുണ്ടു്. അവിടെ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു്: പേരാംപ്രയിൽ ഗവണ്മെന്റു വക സ്ഥലത്തു് ഒരു സീഡുഫാം തുടങ്ങാൻ നിശ്ചയിച്ചിരുന്നു. ആ സ്ഥലം വകുപ്പുദ്യോഗസ്ഥന്മാർക്കു രാജോചിതമായ സൗകര്യത്തിനു പറ്റിയതല്ലെന്നു കണ്ടു് മഞ്ചേരിയിൽ പുതുതായി ഭൂമി അക്വയർ ചെയ്യണമെന്നു അവർ പറഞ്ഞു. ഞങ്ങളും ഡി. ഡി. സി. യിൽ അതിനെപ്പറ്റി ആക്ഷേപം പുറപ്പെടുവിച്ചു് പേരാംപ്രയ്ക്കു മാറ്റി. ഇപ്പോഴും അതു നടത്താതിരിക്കുന്നതു് ഒരു പ്രതികാരമെന്ന നിലയിൽ ഉള്ള ഉദ്യോഗസ്ഥന്മാരുടെ ശുപാർശ അനുസരിച്ചാണോ?

LIBRARY ARCHIVES Kerala Legislative Assembly